പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്



ബജറ്റ് 2023-24

2023 മാർച്ച് 18

ജനപ്രതിനിധികൾ

പ്രസിഡന്റ്	:	ശ്രീ. വി. രാധാകൃഷ്ണൻ
വൈസ്പ്രസിഡന്റ്	:	ശ്രീമതി എം. ബി. ശശികല
വികസനകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ	:	ശ്രീ. ജി.എൻ. മനോജ്
ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷ	:	ശ്രീമതി സിന്ധു എസ്.
ആരോഗ്യം-വിദ്യാഭ്യാസം സ്ഥിരംസമിതി അദ്ധ്യക്ഷ	:	ശ്രീമതി അജിത എസ്.
അംഗങ്ങൾ		
വാർഡ് 1	:	ശ്രീമതി ഗീത എസ്.
വാർഡ് 2	:	ശ്രീ. പഴവറ സന്തോഷ്
വാർഡ് 4	:	ശ്രീ. വാസു പി.
വാർഡ് 6	:	ശ്രീ. സച്ചുമോഹൻ
വാർഡ് 8	:	ശ്രീ. അഭിലാഷ് കൂരോംവിള
വാർഡ് 9	:	ശ്രീമതി വസന്തകുമാരി
വാർഡ് 11	:	ശ്രീ. അമീഷ്ബാബു
വാർഡ് 12	:	ശ്രീ. സി.എസ്. നിവാസ്
വാർഡ് 13	:	ശ്രീമതി സ്മിത പി.
വാർഡ് 14	:	ശ്രീമതി സുജാതയമ്മ
വാർഡ് 15	:	ശ്രീമതി രജനി ആർ.
വാർഡ് 16	:	ശ്രീ. ബൈജു ചെറുപൊയ്ക
വാർഡ് 17	:	ശ്രീമതി രമാദേവി കെ.
വാർഡ് 18	:	ശ്രീമതി ആർ. ഗീത
ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ	:	ശ്രീ.ജെ. കെ. വിനോദിനി അഡ്വ. ബെച്ചി ബി. മലയിൽ ശ്രീ. എ. അജി
ജില്ലാപഞ്ചായത്ത് അംഗങ്ങൾ	:	അഡ്വ. സുമാലാൽ ശ്രീമതി ആർ. രശ്മി
നിയമസഭാംഗം	:	ശ്രീ. കോവൂർ കുഞ്ഞുമോൻ
പാർലമെന്റ് അംഗം	:	ശ്രീ. കൊടിക്കുന്നിൽ സുരേഷ്
കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ	:	ശ്രീമതി ഷെർമി മധു

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി

അദ്ധ്യക്ഷൻ
ശ്രീ. വി. രാധാകൃഷ്ണൻ (പ്രസിഡന്റ്, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്)
ഉപാദ്ധ്യക്ഷൻ
ശ്രീ. ബി. ശ്രീകുമാർ, ബാലനിലയം, കാരിക്കൽ
കൺവീനർ
ശ്രീ. ചെറിയാൻ ജോർജ്ജ് (സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്)
ആസൂത്രണസമിതി അംഗങ്ങൾ
ശ്രീമതി ശശികല എം.ബി. (ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
ശ്രീ. ജി.എൻ. മനോജ് (ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
ശ്രീമതി സിന്ധു. എസ്. (ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
ശ്രീമതി അജിത എസ്. (ചെയർപേഴ്സൺ, ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി)
ശ്രീ. ഷൺമുഖൻ, ശ്രീപാർവ്വതി കാരിക്കൽ, കരിമ്പിൻപുഴ പി.ഒ.
ശ്രീ. കെ. ശ്രീരംഗൻ, മുകളിലയ്യത്ത്, കരിമ്പിൻപുഴ
ശ്രീ. രവികുമാർ (റിട്ട: ഹെൽത്ത് ഇൻസ്പെക്ടർ)

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് ജീവനക്കാർ

പേര്	വിഭാഗം
ചെറിയാൻ ജോർജ്ജ്	സെക്രട്ടറി
അരുൺനാഥ് ആർ.	അസിസ്റ്റന്റ് സെക്രട്ടറി
പ്രേംചന്ദ് സി.പി.	ഹെഡ്ക്ലാർക്ക്
ബിനു ഭാസ്കർ	അക്കൗണ്ടന്റ്
ശ്രീകല പിള്ള ആർ.	സീനിയർ ക്ലാർക്ക്
സുരേഷ്കുമാർ എസ്.	സീനിയർ ക്ലാർക്ക്
ലിജി പി.എസ്.	സീനിയർ ക്ലാർക്ക്
സരിത എ.	ക്ലാർക്ക്
മീനു ലക്ഷ്മൺ	ക്ലാർക്ക്
ശ്രീലക്ഷ്മി എസ്.	ക്ലാർക്ക്
സലിമ സലിംകുമാർ	ക്ലാർക്ക്
പ്രീത പി.	ഓഫീസ് അറ്റന്റന്റ്
ജ്യോതി ജോൺ	ഓഫീസ് അറ്റന്റന്റ്
ഗീത വി.	പാർട്ടൈം ലൈബ്രേറിയൻ
ഉദയകുമാർ ജി.	പാർട്ടൈം സ്വീപ്പർ
നവീൻ എൻ.	ടെക്നിക്കൽ അസിസ്റ്റന്റ്
അഖിൽ ആനന്ദ്	പ്രോജക്ട് അസിസ്റ്റന്റ്
ശീലാവതിയമ്മ പി.	MGNREG അക്രഡിറ്റഡ് എഞ്ചിനീയർ
ശരത് ആർ.	MGNREG ഓവർസീയർ
ആരോമൽ എൻ.എസ്.	MGNREG ഓവർസീയർ
ലേഖ എൽ.ഐ.	അക്കൗണ്ടന്റ് കം ഐ.റ്റി. അസിസ്റ്റന്റ്
സരിത കെ.	അക്കൗണ്ടന്റ് കം ഐ.റ്റി. അസിസ്റ്റന്റ്
അഞ്ജലി വി.	അക്കൗണ്ടന്റ് കം ഐ.റ്റി. അസിസ്റ്റന്റ്
അനിൽകുമാർ	ഡ്രൈവർ
അനന്തകൃഷ്ണൻ സി.	സി.ഡി.എസ്. അക്കൗണ്ടന്റ്
പ്രമീള എസ്.	ഓവർസീയർ LSGD
ഹസീന എൻ.	ഓവർസീയർ LSGD

നിർവ്വഹണ ഉദ്യോഗസ്ഥർ

ചെറിയാൻ ജോർജ്ജ്	സെക്രട്ടറി
അരുൺനാഥ് ആർ.	അസിസ്റ്റന്റ് സെക്രട്ടറി
അനിത എസ്.	LSGD അസിസ്റ്റന്റ് എഞ്ചിനീയർ
ഡോ. നിവേദിത	കൃഷി ഓഫീസർ
സുധീഷ് എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ
ഡോ. ദീപ പ്ലാസിഡ്	വെറ്ററിനറി സർജ്ജൻ
ബേനസീർ എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
സന്തോഷ്കുമാർ എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഷൈനി പി.എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഡോ. ജുനു	മെഡിക്കലാഫീസർ എഫ്.എച്ച്.സി.
ഡോ. ധന്യ ആർ. ദേവ്	മെഡിക്കലാഫീസർ ആയുർവേദ ഡിസ്പെൻസറി
ഡോ. ബ്രിജില	മെഡിക്കലാഫീസർ ഹോമിയോ ഡിസ്പെൻസറി
ബിന്ദു എം.എൽ.	H.M, GLPS പാങ്ങോട്
താര ജെ. ജെ.	ഫിഷറീസ് ഇൻസ്പെക്ടർ

ബജറ്റ് 2023-24

ആമുഖ പ്രസംഗം

മാന്യരേ,

2022 ഏപ്രിൽ മുതൽ ആരംഭിച്ച 14-ാം പഞ്ചസര പദ്ധതിയുടെ ചുവട് പിടിച്ചാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കി വരുന്നത്. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ 14-ാം പദ്ധതിയിലെ രണ്ടാമത്തേതും ഈ ഭരണസമിതിയുടെ മൂന്നാമത്തേതുമായ വാർഷിക ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. നമ്മുടെ പഞ്ചായത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനവും ദാരിദ്ര്യ ലഘൂകരണവും ലക്ഷ്യമാക്കി ഗ്രാമസഭ, പഞ്ചായത്ത് സമിതി, കർമ്മ സമിതികൾ, ആസൂത്രണസമിതി തുടങ്ങിയ വിവിധ തലങ്ങളിൽ ചർച്ചകളുടെയും അഭിപ്രായ ഏകീകരണങ്ങളുടെയും ഫലമായാണ് ഈ വാർഷിക പദ്ധതി പ്രോജക്ടുകൾക്ക് രൂപം നൽകാൻ കഴിഞ്ഞിട്ടുള്ളത്.

ലോക രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി കേന്ദ്രീകൃതമായ പല ഇടപെടലുകൾ നടത്തുമ്പോൾ കേരളമാകട്ടെ ജനകീയാസൂത്രണത്തിലൂടെ ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ചില ഇടപെടലുകൾ പ്രാദേശിക സർക്കാരുകളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുകയാണ് ചെയ്തത്. പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടപ്പാക്കുന്ന വാർഷിക പദ്ധതികളിൽ ഈ ലക്ഷ്യങ്ങൾ ഉചിതമായി വിന്യസിപ്പിച്ച് നടപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ശ്രദ്ധേയമായ ഈ ഉദ്യമങ്ങളും വികേന്ദ്രീകൃത ജനാധിപത്യ ഭരണ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും വികസനം സുസ്ഥിരമായ ഒരു ഘട്ടത്തിലേക്ക് തിരിച്ചുവിടുന്നതിനും വഴിവച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലേയും നിർവ്വഹണത്തിലേയും കാലതാമസം ഒഴിവാക്കാൻ, പദ്ധതി മാർഗ്ഗ രേഖയിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരേയും പരിശോധന ഉദ്യോഗസ്ഥരെയും നൽകിക്കൊണ്ട് പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണ അംഗീകാര നടപടിക്രമത്തിൽ വരുത്തിയ വേഗത, തുടങ്ങിയവ ആസൂത്രണത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനും പദ്ധതിയുടെ ഗുണമേന്മയും സാങ്കേതികമേന്മയും വർദ്ധിപ്പിക്കുവാനും നടത്തിയ ഇടപെടലുകൾ പദ്ധതി വിഹിത അടങ്കലിൽ വരുത്തിയ വർദ്ധനവ് ഉൽപാദന മേഖലയിൽ വകയിരുത്തേണ്ട വിഹിതത്തിൽ വരുത്തിയ നിർബന്ധിത വർദ്ധനവ്, സബ്സിഡിയുടെ വ്യാപ്തിയും ആനുകൂല്യങ്ങളും കൂടുതൽ വിശാലമാക്കിയതും നമ്മുടെ പദ്ധതികളുടെ ജനകീയ വൽക്കരണത്തിന് കാരണമായിട്ടുണ്ട്.

വനിതകൾ, വൃദ്ധർ, കുട്ടികൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ, മാനസ്സിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് നമ്മുടെ പദ്ധതികളിൽ നൽകിയ പ്രത്യേക പരിഗണന തുടങ്ങി മുൻ പദ്ധതികളിൽ നിന്നും വ്യത്യസ്തമായി നടപ്പാക്കിയ നയപരമായ മാറ്റങ്ങൾ ഇവയെല്ലാം. ജനകീയാസൂത്രണത്തിന് പുതിയ ദിശാബോധം തന്നെ നല്കുകയുണ്ടായി.

വിഭവസ്രോതസ്സിന്റെ കാര്യത്തിൽ നമുക്ക് ചില പരിമിതികൾ ഉണ്ട്. സംസ്ഥാന ബജറ്റിൻ പ്രകാരം നമുക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള തുക ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കണ്ടിജന്റ് ചെലവുകൾക്കും പ്രത്യേക പദ്ധതികൾക്കും ആവശ്യമായ തുകൾ നീക്കിവച്ച് ബാക്കി തുക സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മേഖലകൾക്ക് നമ്മുടെ മുന്നിൽ വന്നിട്ടുള്ള വിവിധ നിർദ്ദേശങ്ങളിൽ ഏറ്റവും ആവശ്യകതയുള്ളവയ്ക്ക് മുൻഗണന നൽകാൻ ഈ ബജറ്റിൽ ശ്രമിച്ചിട്ടുണ്ട്. അരോഗ്യ-വിദ്യാഭ്യാസ കാർഷിക മേഖലകൾക്കാണ് മുൻഗണന നൽകുന്നത്. ബജറ്റ് ലക്ഷ്യമിടുന്ന പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആസൂത്രണ പ്രവർത്തകരും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുണ്ട്. പ്രോജക്ട് നിർദ്ദേശങ്ങളെപ്പറ്റി പ്രഖ്യാപന രേഖയിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഞാൻ വിശദീകരിക്കുന്നില്ല. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ സൃഷ്ടിപരമായ പങ്ക് വഹിക്കുമെന്ന് ഉറപ്പ് നൽകിക്കൊണ്ട് എല്ലാവരുടേയും പങ്കാളിത്തം അഭ്യർത്ഥിച്ചുകൊണ്ട് വൈസ്പ്രസിഡന്റിനെ ബജറ്റ് അവതരിപ്പിക്കുന്നതിനായി ക്ഷണിക്കുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്താഫീസ്
18.03.2023

വി. രാധാകൃഷ്ണൻ
(പ്രസിഡന്റ്,
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്)

പതിനാലാം പഞ്ചവത്സര പദ്ധതി 2-ാം വാർഷിക പദ്ധതി

ബജറ്റ് 2023-24

ബജറ്റ് പ്രഖ്യാപന രേഖ

ബഹുമാന്യരെ,

ജനകീയ പദ്ധതി എന്ന നിലയിൽ 1996-ൽ 9-ാം പഞ്ചവൽസര പദ്ധതിയിൽ ആരംഭിച്ച ജനകീയാസൂത്രണം കാൽ നൂറ്റാണ്ടിന്റെ കരുത്തുമായി ഇന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ 2-ാം വാർഷിക ബജറ്റാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. മുൻകാലങ്ങളിലെ വിവിധ പദ്ധതികളിലൂടെ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങളുടെയും ജനകീയ ഇടപെടലുകളുടെയും ഫലമായി നമ്മുടെ പ്രദേശത്ത് അടിസ്ഥാനപരമായി എല്ലാ മേഖലകളിലും വികസനം സാദ്ധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ സാമ്പത്തിക, ആരോഗ്യ, വിദ്യാഭ്യാസ, സേവനമേഖലകളിൽ ആർജ്ജിച്ചെടുത്ത നേട്ടങ്ങൾക്ക് പിന്നിലെ ചാലക ശക്തിജനകീയാ സൂത്രണം തന്നെയാണ്.

ഇന്ന് സംസ്ഥാനത്തെ ബാധിക്കുന്ന പ്രശ്നങ്ങളായ ദുരന്ത നിവാരണം മാലിന്യസംസ്കരണം, കുടിവെള്ളം, വയോജന സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം തുടങ്ങിയ ഒട്ടനവധി മേഖലകളുമായി ബന്ധപ്പെട്ട വികസന പ്രശ്നങ്ങളും നമുക്ക് പരിഗണിക്കേണ്ടതുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി പ്രാദേശിക സർക്കാരുകളിലൂടെ നടത്തുന്ന വികേന്ദ്രീകൃത സമീപനം മാതൃകാപരമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകയിരുത്തിയ നയപരമായ മാറ്റങ്ങളും ഉദ്യമങ്ങളും വികസനത്തെ സുസ്ഥിരഘട്ടത്തിലൂടെ തിരിച്ചുവിടാൻ സഹായകമായിട്ടുണ്ട്.

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ നമ്മുടെ ജനകീയ വികസന മാതൃകയെ പുതിയകാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ സുസജ്ജവും പര്യാപ്തവുമാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു. സമയബന്ധിതമായി കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയുമായ പദ്ധതികൾ രൂപീകരിക്കുവാനും നിർവ്വഹണം സാദ്ധ്യമാക്കുന്നതിനുമായുള്ള ശ്രമങ്ങളോടൊപ്പം തന്നെ കഴിഞ്ഞകാല ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള ഒരു മുന്നേറ്റവുമാണ് ജനകീയാസൂത്രണം രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. വികസന കാഴ്ചപ്പാടുകളിലും സമീപനങ്ങളിലും മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന ജ്ഞാനസമൂഹ നിർമ്മിതിക്കും ഭാവി തലമുറയെക്കൂടി പരിഗണിച്ചുകൊണ്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനും നാം പരിശ്രമിക്കേണ്ടതുണ്ട്.

ഗവൺമെന്റിന്റെ 12 ഇന പരിപാടികളുടെ ഭാഗമായി പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തു നടത്തുന്ന 1) വിശപ്പ് രഹിത കേരളം, 2) ടേക്ക് എ ബ്രേക്ക് പ്രോഗ്രാം, 3) വയോക്ലബ്ബ്, 4) ശുചിത്വകേരളം, 5) തോടുകളുടെ ശുചീകരണം, 6) ഫലവൃക്ഷ തൈ നടീൽ 7) ജൈവപച്ചക്കറികൃഷി, 8) ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പദ്ധതി, 9) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം 10) സാന്ത്വന ചികിത്സ 11) പട്ടികജാതി ഉന്നമനം, 12) ദുരന്തനിവാരണ പദ്ധതി തുടങ്ങിയ പരിപാടികളിലൂടെ നമ്മുടെ ഗ്രാമപഞ്ചായത്തും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടേണ്ടതുണ്ട്.

കാർഷിക മേഖല, വിദ്യാഭ്യാസ മേഖല ആരോഗ്യ മേഖല എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നമ്മുടെ ഗ്രാമത്തിലെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തൽ എന്നിവ നിറവേറ്റി നൽകുന്ന തോടൊപ്പം അവർക്കാവശ്യമായ വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും ബജറ്റിൽ ശ്രദ്ധയൂന്നിയിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സബ്സിഡി മാനദണ്ഡങ്ങളും അനുസരിച്ചുള്ള മേഖലാ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പ്രതിപാദിക്കുന്ന പദ്ധതികൾ ഈ ബജറ്റ് വിഭാവനം

ചെയ്യുന്നു. കൂടാതെ ദാരിദ്ര്യ ലഘൂകരണത്തിൽ ബഹുദൂരം മുന്നോട്ടുപോയ നാം അതിന്റെ അടുത്തഘട്ടമായ അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഊന്നൽ നൽകുന്നുണ്ട്. പദ്ധതികളുടെ വിശദ വിവരത്തിന് അനുബന്ധം കാണുക.

ഉദ്പാദനം വർദ്ധിപ്പിക്കുക, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, മണ്ണ് ജലസംരക്ഷണം മുതലായവ ലക്ഷ്യമാക്കി, സമഗ്ര നെൽകൃഷി വികസനം, വാഴകൃഷിക്ക് സബ്സിഡി, ഇടവിളകൃഷി വികസനം, അടുക്കളത്തോട്ടം, വെറ്റില കൃഷി, പുഷ്പകൃഷി, മുതലായ പദ്ധതികൾക്ക് തുക വകയിരുത്തുന്നു.

മൃഗസംരക്ഷണത്തിന്റെ ഭാഗമായി പോത്തുകുട്ടി വിതരണം, കറവപ്പശു വളർത്തൽ, മുട്ടക്കോഴി വളർത്തൽ, താറാവ് വളർത്തൽ, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, പശുക്കൾക്ക് ധാതുലവണ മിശ്രിത വിതരണം തുടങ്ങിയ പരിപാടികൾക്ക് തുക വകയിരുത്തിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ വിവിധ തലങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിലും ചികിത്സയും വളരെയധികം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ ഇനിയും മെച്ചപ്പെടുത്തണം, ഇതിനായി കുടുംബാരോഗ്യ കേന്ദ്രത്തിൽ എക്സ്റേ യൂണിറ്റ്, ജീവിത ശൈലി രോഗപ്രതിരോധം, പകർച്ചവ്യാധി പ്രതിരോധം, സാന്ത്വന പരിചരണം, വയോജനങ്ങൾക്ക് ബ്ലഡ് പ്രഷർ, ഷുഗർ, കൊളസ്ട്രോൾ പരിശോധനകൾ നടത്തി ചികിത്സ ആയുർകർമ്മ തുടങ്ങിയ പരിപാടികൾക്ക് തുക വകയിരുത്തുന്നു.

വിദ്യാഭ്യാസ രംഗത്ത് ആർജ്ജിച്ച വൻ നേട്ടങ്ങൾ നിലനിർത്തുകയും വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം, ബോധ നിലവാരം, അദ്ധ്യയന അനുബന്ധപ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും വേണം. വിദ്യാഭ്യാസ രംഗത്ത് സ്കൂളുകൾക്ക് ഫർണീച്ചർ, അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ, കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, യോഗ പരിശീലനം, ലൈബ്രറികൾക്ക് ഫർണീച്ചർ, ലൈഫ് ഭവന പദ്ധതി, വൃദ്ധർക്ക് കട്ടിൽ, വീട് മെയിന്റനൻസ്, ഹരിത സഹായ സ്ഥാപനങ്ങൾക്ക് ധനസഹായം, തുടങ്ങിയ പരിപാടികൾക്ക് തുക വകയിരിത്തുന്നു.

പട്ടികജാതി വിഭാഗ വികസനത്തിന്റെ ഭാഗമായി ലൈഫ് ഭവന പദ്ധതി , കറവപ്പശു വളർത്തൽ, കോളനി നവീകരണം, പി.വി.സി വാട്ടർടാങ്ക് വിതരണം, പോത്തുകുട്ടി വിതരണം, വീട് വാസയോഗ്യമാക്കൽ, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, വിദ്യാർത്ഥികൾക്ക് റഫറൻസ് കോർണർ, വൃദ്ധർക്ക് കട്ടിൽ തുടങ്ങിയ പദ്ധതികൾക്ക് തുക വകയിരുത്തുന്നു.

കൂടാതെ പശ്ചാത്തല വികസനം പൊതു ഭരണം തുടങ്ങിയ മേഖലകളിൽ മാർക്കറ്റ് നവീകരണം, തെരുവ് വിളക്കുകളുടെ പരിപാലനം, ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം തുടങ്ങിയവയ്ക്ക് തുക വകയിരുത്തുന്നു.

നമ്മുടെ വാർഷിക പദ്ധതി നടത്തിപ്പിനായി വികസനഫണ്ട് ഇനത്തിൽ ലഭ്യമായ **50910000** (അഞ്ച് കോടി ഒൻപത് ലക്ഷത്തി പതിനായിരം) രൂപയും മറ്റ് സ്രോതസ്സുകൾ കൂടി ഉൾപ്പെടുത്തി ആകെ **273337344** (ഇരുപത്തിയേഴ് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി മുന്നൂറ്റി നാൽപത്തിനാല്) രൂപ വരവും, **271483000** (ഇരുപത്തിയേഴ് കോടി പതിനാല് ലക്ഷത്തി എൺപത്തി മൂവായിരം) രൂപ ചെലവും **1854344** (പതിനെട്ട് ലക്ഷത്തി അൻപത്തിനാലായിരത്തി മുന്നൂറ്റി നാൽപത്തിനാല്) രൂപ നീക്കി ബാക്കിയും ഈ ബജറ്റിൽ പ്രതീക്ഷിക്കുന്നു.

ടി തുകയിൽ **9680000** (തൊണ്ണൂറ്റി ആറ് ലക്ഷത്തി എൺപതിനായിരം) രൂപ **ഉൽപ്പാദന മേഖലയിലും 113625000** (പതിനൊന്ന് കോടി മുപ്പത്തിയാറ് ലക്ഷത്തി ഇരുപത്തിയയ്യായിരം) രൂപ **സേവന മേഖലയിലും 7800000** (എഴുപത്തിയെട്ട് ലക്ഷം) രൂപ **പശ്ചാത്തലമേഖലയിലും** മേഖലാവിഭജനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പദ്ധതികൾക്കായി **3825000** (മുപ്പത്തിയെട്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപയും വകയിരുത്തുന്നു.

2023-24 വാർഷിക പദ്ധതിയിലേക്കുള്ള **വിഭവ സ്രോതസുകളും വിശദ ബജറ്റ് വിവരങ്ങളും** പ്രോജക്ട് നിർദ്ദേശങ്ങളുമാണ് ഇനി പരാമർശിക്കുന്നത്.

ബജറ്റ് 2023-24

വിഭവ സ്രോതസ്സ്

വസ്തു നികുതി	–	6500000
തൊഴിൽ നികുതി	–	2000000
വാടക	–	225000
ജനറൽ പർപ്പസ് ഫണ്ട്	–	19465000
വികസനഫണ്ട് (ജനറൽ)	–	21838000
വികസനഫണ്ട് (SCP)	–	18187000
ധനകാര്യ കമ്മീഷൻ (അടിസ്ഥാന ഗ്രാന്റ്)	–	3616000
ധനകാര്യകമ്മീഷൻ (പ്രത്യേക ഉദ്ദേശ ഗ്രാന്റ്)	–	5424000
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	–	13763000
മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	–	9385000
എം. ജി. എൻ. ആർ. ഇ. ജി. എസ്.	–	70000000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	–	3000000
ജില്ലാ പഞ്ചായത്ത് വിഹിതം	–	2000000
ഗുണഭോക്തൃവിഹിതം	–	1500000
ICDS	–	700000
ശുചിത്വമിഷൻ	–	2500000
നികുതി ഇതര വരവുകൾ	–	3691000

ബജറ്റ് 2023-24
സംക്ഷിപ്തം

കൃഷി

1.	ഫലവൃക്ഷ തൈ വിതരണം	500000
2.	ഇടവിള കൃഷി വികസനം (വനിത)	500000
3.	വാഴകൃഷി സബ്സിഡി	500000
4.	സമഗ്ര നെൽകൃഷി വികസനം	800000
5.	വിവിധ സ്ഥാപനങ്ങളിൽ അടുക്കളത്തോട്ടം	500000
6.	വെറ്റിലകൃഷി	100000
7	പുഷ്പകൃഷി	100000
8	മട്ടുപ്പാവിൽ പച്ചക്കറി കൃഷി	200000
9	ജലസേചന പമ്പ്സെറ്റ്	500000
10	ഏലാകൃഷി സംരക്ഷണത്തിനും, തോട് സംരക്ഷണത്തിനും	200000

മൃഗസംരക്ഷണം

1	പോത്തുകുട്ടി വിതരണം (ജനറൽ വനിത)	-	3 ലക്ഷം
2	കറവ പശുവളർത്തൽ (ജനറൽ വനിത)	-	10 ലക്ഷം
3	കറവ പശുവളർത്തൽ (പട്ടികജാതി)	-	3 ലക്ഷം
4	കന്നുകുട്ടി പരിപാലനം	-	5 ലക്ഷം
5	മുട്ടക്കോഴി വളർത്തൽ (വനിത)	-	10 ലക്ഷം
6	വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ	-	3 ലക്ഷം
7	താറാവ് വളർത്തൽ	-	3 ലക്ഷം
8	എ.ബി.സി. പ്രോഗ്രാം	-	3 ലക്ഷം
9	കാലിത്തൊഴുത്ത് നവീകരണം	-	5 ലക്ഷം
10	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	-	5 ലക്ഷം
11	കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്ന് വിതരണവും	-	2 ലക്ഷം

ആരോഗ്യം

1.	കുടുംബാരോഗ്യ കേന്ദ്രംഎക്സ്-റേ യൂണിറ്റ്	-	20 ലക്ഷം
2.	കുടുംബാരോഗ്യകേന്ദ്രത്തിൽ മരുന്ന് വാങ്ങൽ	-	10 ലക്ഷം
3.	ഗവ: ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ	-	7 ലക്ഷം
4.	ഗവ: ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ	-	3 ലക്ഷം
5.	ആയുർകർമ്മ	-	5 ലക്ഷം
6.	ജീവിത ശൈലി രോഗപ്രതിരോധം	-	1 ലക്ഷം
7.	വയോജനങ്ങൾക്ക് ബ്ലഡ് ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയ പരിശോധനയ്ക്കും, ഗൃഹ സന്ദർശനം നടത്തി രക്തസാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് വിദഗ്ധ ചികിത്സ നടത്തുന്ന പദ്ധതി	-	5 ലക്ഷം
8.	ജീവിതശൈലി രോഗപ്രതിരോധം	-	1 ലക്ഷം
9.	പകർച്ചവ്യാധി പ്രതിരോധം	-	1 ലക്ഷം
10.	ആർത്തവാരംഭം മുതൽ ആർത്തവ വിരാമം വരെയുള്ള സ്ത്രീകളുടെ ചികിത്സ (ആയുർവേദം)	-	2 ലക്ഷം

7.	പകർച്ചവ്യാധി പ്രതിരോധം (ആയുർവേദം)	-	2 ലക്ഷം
8.	സാന്ത്വന പരിചരണ പദ്ധതി	-	8 ലക്ഷം
9.	പകർച്ചവ്യാധി പ്രതിരോധം (അലോപ്പതി)	-	1 ലക്ഷം
10	ക്യാൻസർ/ഡയാലിസിസ്/ഷുഗർ രോഗികൾക്ക് മരുന്നുവാങ്ങൽ	-	2 ലക്ഷം
11	ക്യാൻസർ നിർണ്ണയ ക്യാമ്പ്	-	2 ലക്ഷം
12	കുടുംബാരോഗ്യകേന്ദ്രം- മൊബൈൽ ക്ലിനിക്ക്	-	2 ലക്ഷം
13	തൈറോയ്ഡ് ടെസ്റ്റ്	-	2 ലക്ഷം
14	പാലിയേറ്റീവ് ഹോം കെയർ പദ്ധതി ഗുണഭോക്താക്കൾക്ക് ഡയപ്പർ	-	2 ലക്ഷം
15	വയോജനങ്ങൾക്ക് ഒ.പി. (പ്രത്യേകം)	-	2 ലക്ഷം
16.	പാലിയേറ്റീവ് ഹോം കെയർ പദ്ധതി ഗുണഭോക്താക്കൾക്ക്	-	2 ലക്ഷം
17.	പാരാമെഡിക്കൽ സ്റ്റാഫ് വേതനം	-	3 ലക്ഷം
18	കുടുംബാരോഗ്യകേന്ദ്രം, ആർദ്രം പദ്ധതി, ഡോക്ടറുടെ വേതനം	-	8.5 ലക്ഷം
19	ബി.പി.എൽ കുടുംബങ്ങൾക്ക് തിമിര ശസ്ത്രക്രിയ വിദ്യാഭ്യാസം	-	5 ലക്ഷം
20.	ആയുർ കർമ്മ പദ്ധതി ഒ.പി., പഞ്ചകർമ്മ ചികിത്സാ ഡിസ്പെൻസറിയിലൂടെ നടപ്പിലക്കാൻ	-	3 ലക്ഷം
21.	ബി.പി.എൽ കുടുംബങ്ങൾക്ക് തിമിര ശസ്ത്രക്രിയയ്ക്ക് ധനസഹായം	-	5 ലക്ഷം
22.	ബി.പി.എൽ കുടുംബങ്ങൾക്ക് കണ്ണ് പരിശോധനയും, കണ്ണാടി വിതരണവും	-	5 ലക്ഷം

വിദ്യാഭ്യാസം

1.	എസ്.എസ്. കെ വിഹിതം	-	10 ലക്ഷം
2.	എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം	-	10 ലക്ഷം
3.	സ്കൂൾ ഫർണീച്ചർ	-	5 ലക്ഷം
4.	ലൈബ്രറികൾക്ക് ഫർണീച്ചർ	-	2 ലക്ഷം
5.	സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ	-	10 ലക്ഷം
6.	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	-	10 ലക്ഷം
7.	സ്കൂൾ കുട്ടികൾക്ക് യോഗ പരിശീലനം	-	5 ലക്ഷം

പട്ടികജാതി വികസനം

1.	ലൈഫ് ഭവന പദ്ധതി (എസ്.സി.പി)	-	1 കോടി
2.	കറവപ്പശു വളർത്തൽ (പട്ടികജാതി)	-	5 ലക്ഷം
3.	വൃദ്ധർക്ക് കട്ടിൽ നൽകൽ (എസ്.സി.പി)	-	10 ലക്ഷം
4.	വീട് വാസയോഗ്യമാക്കൽ (എസ്.സി.)	-	50 ലക്ഷം
5.	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും	-	5 ലക്ഷം
6.	പട്ടികജാതി കോളനി നവീകരണം	-	10 ലക്ഷം
7	പി.വി.സി. വാട്ടർ ടാങ്ക് (എസ്.സി)	-	10 ലക്ഷം
8	മെറിറ്റോറിയസ് സ്കോളർഷിപ്പ്	-	10 ലക്ഷം
9	പോത്തുകുട്ടി വിതരണം എസ്.സി.പി	-	3 ലക്ഷം
10	എസ്.സി. വിദ്യാർത്ഥികൾക്ക് റഫറൻസ് കോർണർ	-	4 ലക്ഷം

സാമൂഹ്യക്ഷേമം

1	അംഗൻവാടി പോഷകാഹാര പദ്ധതി (ജനറൽ)	-	15 ലക്ഷം
2	ആശ്രയ പദ്ധതി	-	2 ലക്ഷം
3	വൃദ്ധർക്ക് കട്ടിൽ നൽകൽ (ജനറൽ)	-	10 ലക്ഷം
4	അംഗൻവാടികൾക്ക് വസ്തുവാങ്ങൽ	-	10 ലക്ഷം
5	വീട് മെയിന്റനൻസ് (ജനറൽ)	-	50 ലക്ഷം
6	അംഗൻവാടികൾക്ക് ഫർണീച്ചർ	-	5 ലക്ഷം
7	ലൈഫ് ഭവന പദ്ധതി (ജനറൽ)	-	2 കോടി
8	ഹരിത സഹായ സ്ഥാപനങ്ങൾക്ക് സഹായം	-	5 ലക്ഷം
9	അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യ വികസനം	-	10 ലക്ഷം
10	പൊതുകിണർ നവീകരണം	-	7 ലക്ഷം
11	യാത്രാക്ലേശമുള്ള വാർഡുകൾക്ക് ഗ്രാമവണ്ടി സേവനം	-	5 ലക്ഷം
12	ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായി നൽകൽ	-	5 ലക്ഷം
13	വാർഡുകളിൽ പൊതുകിണർ അറ്റകുറ്റപണി	-	8 ലക്ഷം
14	കിണർ നവീകരണം (വ്യക്തിഗതം)	-	10 ലക്ഷം

പശ്ചാത്തല വികസനം

1	തെരുവ് വിളക്കുകളുടെ മെയിന്റനൻസ്	-	10 ലക്ഷം
2	സോളാർ ലൈറ്റുകളുടെ അറ്റകുറ്റപണി	-	5 ലക്ഷം
3	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ തെരുവ് വിളക്ക് സ്ഥാപിക്കൽ	-	5 ലക്ഷം
4	അഗൻവാടിക്ക് കെട്ടിടം സ്ഥാപിക്കൽ	-	15 ലക്ഷം

പൊതുഭരണം

മാർക്കറ്റ് നവീകരണം		-	10 ലക്ഷം
ഓഫീസ് നവീകരണം		-	10 ലക്ഷം


ബഹുമാന്യരെ,

കർമ്മസമിതികളിൽ നിന്നും, ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള വികസന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നമ്മുടെ വിഭവ സ്രോതസിന്റെ സാധ്യതയ്ക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുവാനാണ് ശ്രമിച്ചിട്ടുള്ളത്. ഇന്നത്തെ സാമൂഹികസാഹചര്യത്തിൽ ഗ്രാമത്തിലെ സാധാരണ ജനങ്ങൾക്ക് സുസ്ഥിര വികസന മുന്നേറ്റത്തോടൊപ്പം പരമാവധി സുരക്ഷിതത്വം നൽകുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യചുമതലയാണ്. ഈ ചുമതലകളുടെ നിർവ്വഹണത്തിനാവശ്യമായ ബജറ്റ് നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ ബജറ്റ് തയ്യാറാക്കാൻ എന്നെ സഹായിച്ച ബഹു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. രാധാകൃഷ്ണൻ, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, എന്റെ സഹപ്രവർത്തകരായ ഗ്രാമപഞ്ചായത്തംഗങ്ങൾ, ബഹു. പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് ജീവനക്കാർ തുടങ്ങി ആസൂത്രണ സമിതിയിലെ ഓരോരുത്തർക്കും നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് 2023-24 വാർഷിക പദ്ധതികൾക്കായുള്ള പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് വിശദമായ ചർച്ചകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

എം. ബി. ശശികല
(വൈസ്പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്)

18.03.2023.
ഗ്രാമപഞ്ചായത്ത് ഹാൾ



ബജറ്റ്
2023–24

കത്തിക്കണ്ട
വലിച്ചെറിയണ്ട

കച്ചറ കൊണ്ടോവാനാളുവരും

പ്ലാസ്റ്റിക്കും മറ്റ് പാഴ്വസ്തുക്കളും ഓരോരുത്തരും അവരുടെ വീടുകളിലും സ്ഥാപനങ്ങളിലും തരംതിരിച്ച് സൂക്ഷിക്കുക.
പഞ്ചായത്ത്/നഗരസഭ സജ്ജമാക്കുന്ന ഹരിത കർമ്മസേനയ്ക്ക് കൈമാറുക.

ശുചിത്വ മിഷൻ കേരളം